(സി) കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നോട്ടീസും പഞ്ചായത്ത്-കമ്മിറ്റി തീരുമാനവും, അസൈൻമെന്റ് കമ്മിറ്റി തീരുമാനവുമുള്ള പട്ടയ അപേക്ഷകളിൽ കാലതാമസം ഉണ്ടാകാറില്ല. എന്നാൽ, പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ നിക്ഷിപ്തമാക്കിയിട്ടുള്ള റോഡ്/തോട് പുറമ്പോക്കു ഭൂമികൾ പതിച്ച് പട്ടയം നൽകുന്നതിന് ഭൂമി ഡി റിസേർവ്വ് ചെയ്യുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സമയം ആവശ്യമായതിനാൽ അപ്രകാരമുള്ള അപേക്ഷകളിൻമേൽ കാലതാമസം ഉണ്ടാകാറുണ്ട്. അപേക്ഷകൾ തറവില, സർവേ ആന്റ് ഡീമാർക്കേഷൻ ചാർജ്ജുകൾ/വൃക്ഷവില മുതലായവ അടയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്.

(സി) കാലതാമസമൊഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

79 (1305) വെളിച്ചംതോട് മിച്ചഭൂമിയിലെ താമസക്കാർക്ക് പട്ടയം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെളിച്ചംതോട് പ്രദേശത്ത് മിച്ചഭൂമിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ മിച്ചഭൂമി പതിച്ച് നൽകുന്നതിനും പട്ടയം നൽകുന്നതിനും തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ. പ്രസ്തുത വ്യവസ്ഥകളും, കൈവശത്തിന്റെ സ്വഭാവവും കണക്കിലെടുത്ത് ഇക്കാര്യത്തിൽ ബന്ധപ്പെട്ട റവന്യൂ അധികൃതർ നടപടികൾ കൈക്കൊണ്ടുവരികയാണ്. ഈ നടപടികൾ വേഗം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

80 (1356) നാടുകാഞ്ചി കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി പഞ്ചായത്തിലെ നാടുകാഞ്ചി കോളനി നിവാസികൾക്ക് പട്ടയം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടത്തെ കൈവശക്കാർ എത്ര വർഷമായി ഈ ഭൂമിയിൽ നട്ടു ദേഹണ്ഡങ്ങൾ നടത്തിവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള നിയമ പ്രകാരം മറ്റ് അവകാശികളില്ലാതെയുള്ള ഭൂമി കയ്യേറിയവർക്ക് എത്ര വർഷം കൈവശം വച്ചിരുന്നാലാണ് അവർക്ക് പ്രസ്തുത ഭൂമിയിൽ അവകാശം കൈവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) നാട്ടുകാണി കോളനിയിലെ ഓരോ കൈവശക്കാരനും അവരുടെ കൈവശമിരിക്കുന്ന ഭൂമി അനുവദിച്ച് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്തിമ തീരുമാനം ആയിട്ടില്ല

(ബി) 5 മുതൽ 19 വർഷങ്ങൾവരെ ആയി നട്ടു ദേഹണ്ഡങ്ങൾ നടത്തിവരുന്നു.

(സി) ഭൂമി പതിച്ചു നൽകിയാൽ മാത്രമേ കൈവശക്കാരന് അവകാശം സിദ്ധിക്കുന്നുള്ളൂ.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

81 (1307) കാസർഗോഡ് ജില്ലയിലെ പട്ടയം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം വയക്കര, കാകോൽ-ആലപ്പടപ്പ്, കരിവെള്ളൂർ-പെരളം എന്നീ പഞ്ചായത്തുകളിൽനിന്ന് പട്ടയമോ കൈവശരേഖയോ നൽകാൻ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്നും അതിൽ എത്രപേർക്ക് പട്ടയവും കൈവശവകാശ രേഖയും നൽകിയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ 4984 പേർക്ക് പട്ടയവും 198 പേർക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം-വയക്കര, കാകോൽ-ആലപ്പടപ്പ്, കരിവെള്ളൂർ-പെരളം എന്നീ പഞ്ചായത്തുകളിൽനിന്നും പട്ടയം ലഭിക്കുന്നതിനായി ആകെ 563 അപേക്ഷകൾ ലഭിക്കുകയും അതിൽ 470 പേർക്ക് പട്ടയം നൽകിയിട്ടുമുണ്ട്. കൈവശരേഖ ആർക്കും നൽകിയിട്ടില്ല.

82 (1308) പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly